പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3344 16/12/2015-ൽ മറുപടിയ്ക്ക്

## നിറവ് പദ്ധതിയുടെ നിർവ്വഹണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എളമരം കരീം | ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) നിറവ് പദ്ധതിക്ക് തിരഞ്ഞെടുത്ത നിയോജക മണ്ഡലങ്ങൾ ഏതൊക്കെയാണ്; പ്രസ്തുത പദ്ധതി പൂർത്തീകരിക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | എ) നിറവ് പദ്ധതി നടപ്പാക്കുവാൻ കേരളത്തിലെ 86 നിയോജക മണ്ഡലങ്ങൾ തിരഞ്ഞെടുത്തിട്ടുണ്ട്. അവയുടെ പേരു വിവരം അനുബന്ധം I-ആയി ചേർത്തിരിക്കുന്നു. |
| ബി) കഴിഞ്ഞ 4 വർഷകാലയളവിൽ പ്രസ്തുത പദ്ധതിയ്ക്കായി ബഡ്ജറ്റിൽ നീക്കിവെച്ച തുക എത്ര; വിനിയോഗിച്ച തുകയുടെയും ട്രഷറിയിൽ നിന്ന് പിൻവലിച്ച തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ; | ബി) നിറവ് പദ്ധതിയ്ക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. കൃഷി വകുപ്പിന്റെ സംസ്ഥാനാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി നിറവ് മണ്ഡലങ്ങളിലെ പദ്ധതികൾ വിജയകരമായി നടപ്പിലാക്കിവരുന്നു. |
| സി) ബഡ്ജറ്റ് തുകയ്ക്ക് പുറമെ പ്രസ്തുത പദ്ധതിയ്ക്കായി പ്രത്യേക ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിരുന്നോ; എങ്കിൽ എത്ര തുക അനുവദിച്ചു ; വിശദമാക്കാമോ; | സി) ധനപുനർവിനിയോഗം വഴി തുക ലഭ്യമാക്കാൻ നടപടി സ്വീകരിച്ചുവെങ്കിലും, അപ്രകാരം തുക ലഭിച്ചിട്ടില്ല. |
| ഡി) പദ്ധതിയുടെ അവലോകന റിപ്പോർട്ട് ലഭ്യമാക്കാമോ? | ഡി) നിറവ് പദ്ധതിയുടെ നടത്തിപ്പ് നിയോജക മണ്ഡലാടിസ്ഥാനത്തിൽ ആകയാൽ പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നത് ബ്ലോക്ക് തലത്തിലും, ജില്ലാതലത്തിലുമാണ്. എന്നാൽ മണലൂർ, ചാത്തന്നൂർ, |

കൊടുങ്ങല്ലൂർ, ചിറയിൻകീഴ്, കൊയിലാണ്ടി എന്നീ മണ്ഡലങ്ങളുടെ അവലോകനം കൃഷി മന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടത്തുകയുണ്ടായി. അവയുടെ അവലോകന റിപ്പോർട്ടുകൾ അനുബന്ധം 2-ആയി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്